**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5001** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ മലബാർ മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി മലബാർ മേഖലയിലും വ്യത്യസ്ത പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട് . സ്ട്രീറ്റ്, മോഡൽ ആർ ടി വില്ലേജ്, എക്സ്പീരിയൻസ് എത്തിക് ക്യുസീൻ, വില്ലേജ് ലൈഫ്, സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാരം, എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ എന്നിവ മലബാർ മേഖലയിലും നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ; | (ബി) | കാസർഗോഡ് ജില്ലയിലെ വലിയപറമ്പയിൽ മോഡൽ ആർ ടി വില്ലേജ് പദ്ധതി പൂർത്തിയാക്കി, പ്രദേശം ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിച്ചു. സ്ട്രീറ്റ് പദ്ധതിയിൽ വലിയപറമ്പയെ ഉൾപ്പെടുത്തി, പദ്ധതി പുരോഗമിക്കുന്നു. മലബാർ മേഖലയിൽ 2200 പേർക്ക് വിവിധ ടൂറിസം നൈപുണ്യ വികസന പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ പുരോഗതിയും വ്യക്തമാക്കാമോ? | (സി) | പിണറായി, അഞ്ചരക്കണ്ടി, ചേകാടി, കടലുണ്ടി എന്നീ പ്രദേശങ്ങളിൽ സ്ട്രീറ്റ് പദ്ധതികൾ പുരോഗമിക്കുന്നു. കേരള അഗ്രി ടൂറിസം പദ്ധതി മലബാറിലെ വിവിധ പ്രദേശങ്ങളിൽ നടപ്പാക്കി വരുന്നു. വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പദ്ധതി, സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി, കോഴിക്കോട് ബേപ്പൂരിൽ ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം പദ്ധതി എന്നീ പദ്ധതികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ